(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2012/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

Phone No: 0471-2331231
Email: lfadtvm@yahoo.in
തീയതി: 26.11.2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളനാട് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: വെള്ളനാട് ഗ്രാമപഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവ യിലെ വ്യവസ്ഥകൾ പ്രകാരം വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997, കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2012/2016 തീയതി: 24.11.2016

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2015 മുതൽ 31.03.2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരി ക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.എ.ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.10.2016മുതൽ 28.10.2016വരെ

*ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :*

1. ശ്രീമതി. ലതാകുമാരി എം., ഓഡിറ്റ് ഓഫീസർ.
2. ശ്രീമതി.ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീമതി.സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി. അനിത.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ,

*(ബി) നിർവ്വഹണാധികാരികൾ*

പ്രസിഡന്റ് : ശ്രീമതി.ജി.എസ്.സിന്ധു 01/04/2015 മുതൽ 03/09/2015 വരെ
ശ്രീ.വി.ശശിധരൻ നായർ 19/11/2015 മുതൽ 31/03/2106 വരെ

സെക്രട്ടറി : ശ്രീ.ഷാജി ബോൺസ്ലെ 01/04/2015മുതൽ 23/07/2015വരെ
ശ്രീ. ചന്ദ്രമോഹനൻ നായർ 24/07/2015 മുതൽ 01/08/2015 വരെ
ശ്രീമതി.ഹേമലത.ആർ 02/08/2015 മുതൽ 09/08/2015 വരെ
ശ്രീ.കെ.മോഹനൻ ചെട്ടിയാർ 10/08/2015 മുതൽ 07/09/2015 വരെ
ശ്രീമതി.ഹേമലത.ആർ 08/09/2015 മുതൽ 02/11/2015 വരെ
ശ്രീ. കെ.മോഹനൻ ചെട്ടിയാർ 03/11/2015 മുതൽ 31/03/2016 വരെ

*നിർവ്വഹണ ഉദ്യോഗസ്ഥർ*

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.അമ്പിളി.എൻ.എസ് | 1.4.2015 മുതൽ<br>31.3.2016 വരെ |
| മെഡിക്കൽ ആഫീസർ (PHC) | ഡോ.മംഗള | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽആഫീസർ<br>(ആയുർവ്വേദം) | ശ്രീമതി.ഉമൈല ബീഗം | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഭദ്ര | 1.4.2015 മുതൽ 31.3.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി .അനിത<br>ശ്രീമതി.ശാന്തിനി.ബി | 2015-16 ഫെബ്രുവരി മുതൽ 2015-16 മാർച്ച് വരെ |
| വി.ഇ.ഒ | ശ്രീ.ശ്രീകുമാർ | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| എൽ.വി.ഒ | ശ്രീമതി.അനീഷ | 1.4.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സുനു | 1.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.എൽ. പി.എസ്. വെള്ളനാട് | ശ്രീമതി.മിനി.വി.എസ് | 1.4.2015 മുതൽ 31.3.2016 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീലേഖ.പി.കെ | 1.4.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ആർ.ഹേമലത. | 1.4.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നം. |
|---|---|---|
| ഭാഗം -1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12. | ഡി & ഒ ലൈസൻസ് ഫീ വിറ്റുവരവിന് ആനുപാതികമായി ഈടാക്കിയിട്ടില്ല | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |

| | | |
|---|---|---|
| 14 | സ്വകാര്യ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത | 2-3 |
| 15 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 16 | തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 2-5 |
| 17 | ഷോപ്പിംഗ് കോംപ്ളക്സ് വാടക വർഷങ്ങളായി ഒടുക്കുന്നില്ല. | 2-6 |
| ഭാഗം 3 | | |
| 18 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ | 3-1 |
| 19 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം നൽകിയിരിക്കുന്നു-10000/- രൂപ നിരാകരിക്കുന്നു. | 3-2 |
| 20 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയ്യില്ല -10400/-രൂപ തടസ്സപ്പെടുത്തുന്നു | 3-3 |
| 21 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല -15,61,645/-രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 22 | പെരിഞ്ഞാറമൂല ട്രൈബൽ സ്കൂളിനു വാഹനം - ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. | 3-5 |
| 23 | വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – 94000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 24 | പഞ്ചായത്ത് വാഹനം - ജപ്തി നടപടി- ഭരണസമിതിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച | 3-7 |
| 25 | വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോജക്ടിൽ അപാകം | 3-8 |
| 26 | യൂത്ത് ക്ലബ് രൂപീകരണം - പദ്ധതി പൂർണ്ണ പരാജയം | 3-9 |
| 27 | എ.എഫ്.എസ്. പരിശോധിച്ചതിൽ കാണുന്ന അപാകതകൾ | 3-10 |
| 28 | തനതു ഫണ്ട് നീക്കിയിരുപ്പിൽ ബാങ്ക് പാസ്സ് ബുക്കിൽ 1489270/- രൂപയുടെ കുറവ് | 3-11 |
| | ഭാഗം 4 | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 274,374,094/- രൂപ വരവും 98,183,014/- രൂപ ചെലവും 176191080/- രൂപ നീക്കിയിരിപ്പുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 66222701/- രൂപയും (മുന്നിരിപ്പുൽപ്പെടെ) യഥാർത്ഥ ചെലവ് 55912774/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (എ.എഫ്.എസ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22562111 |
| വരവ് | 43660590 |
| ആകെ | 66222701 |

| | |
|---|---|
| ചെലവ് | 55912776 |
| നീക്കിയിരിപ്പ് | 10309925 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2678747 | 990833 | 3669580 | 3669580 | 1329960 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 445635 | 2756379 | 3202014 | 3202014 | -248485 | 0 | 100% |
| വികസനഫണ്ട് റ്റി.എസ്.പി. | 124482 | 849040 | 973522 | 973522 | -54432 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 11850 | 5388863 | 5400713 | 5400713 | | 0 | 10% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 488988 | 3421855 | 3910843 | 3910843 | | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2879899 | 4935149 | 7815048 | 7815048 | (-)10025 | 0 | 100% |
| KLGSDP | 4053000 | 997588 | 5050588 | 5050588 | (-)1017018 | 0 | 100% |
| ബി.ഫണ്ട് | 0 | 37768715 | 37768715 | 37768715 | | 0 | 100% |
| ജനറൽ പർപ്പസ് ഫണ്ട് | 7259312 | 7392080 | 14651392 | 6814203 | | 7837189 | 47% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 94729261 | 130 | 43067252 | | 47 | 73% |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും,അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| വിനോദ നികുതി | -- | -- | | |
| തൊഴിൽ നികുതി | 2071853 | 2270553 | 198700 | 9.5% |
| കെട്ടിട നികുതി | 2635242 | 1876107 | 759135 | -28.8% |
| പരസ്യ നികുതി | - | 3300 | | |
| *നികുതിയേതര വരവുകൾ* | | | | |
| ലേലം | 152000 | 239375 | 87375 | 57% |
| ഷോപ്പിംഗ് കോംപ്ലക്സ് | 297913 | 266512 | 31401 | -10.5% |
| ഡി.&ഒ ലൈസൻസ് | 46825 | 65054 | 18229 | 38% |
| മറ്റ് വരവുകൾ | 457710 | 32563 | 425147 | -92% |
| ആകെ | 5661543 | 5046538 | 615005 | |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. ഡി&ഒ ലൈസൻസ് ഫീസ്, മൊബൈൽ ടവറുകൾക്ക് വസ്തു നികുതി,പരസ്യ നികുതി എന്നിവ ഈടാക്കിയും വസ്തു നികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുത്തും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 989160 | 574 |
| കർഷക തൊഴിലാളി പെൻഷൻ | 5021910 | 672 |
| വിധവാപെൻഷൻ | 12779560 | 1296 |
| വാർദ്ധക്യകാല പെൻഷൻ | 14257500 | 1723 |
| വികലാംഗ പെൻഷൻ | 3691785 | 350 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 1020800 | 105 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016 രാവിലെ 10.30-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8981/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേ ണ്ടതുമാണ്. വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്ന തിനും പ്രസ്തുത രജിസ്റ്ററുകൾ അനിവാര്യമാണ്.

അവശതയും അവഗണനയും അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള ഫണ്ട് വകയിരുത്തലും വിനിയോഗവും വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്ത് ഭരണസമിതി വർക്കിങ്ങ് ഗ്രൂപ്പുകൾ സമൂഹത്തിൽ അവശതയും അവഗണനയും അനുഭവിക്കുന്ന വിഭാഗങ്ങളായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പദ്ധതി രൂപീകരണത്തിൽ കൂടുതൽ ഫണ്ടുകൾ വകയിരുത്തേണ്ടതുണ്ട്. എന്നാൽ പരിമിതമായ ഫണ്ടുകൾ വകയിരുത്തുന്ന രീതിയാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നു സ്വീകരിച്ചിരിക്കുന്നത്. ഈ വിഭാഗങ്ങൾക്ക് പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുന്നതിന്റെ 75 ശതമാനമെങ്കിലും ധനസഹായം വകയിരുത്തി വിനിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അർഹരായ ഗുണഭോക്താക്കൾക്ക് ആശ്വാസം പകരുന്ന തരത്തിലുള്ള പദ്ധതികൾ രൂപീകരിച്ച് ഫണ്ടുകൾ വിനിയോഗം ചെയ്യേണ്ടതാണ്. അതു പോലെ തന്നെ അങ്കണവാടികളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണത്തിനു എള്ളുണ്ട മാത്രമാണ് നിലവിൽ നൽകുന്നത്. ആയതിനും കൂടുതൽ ഫണ്ടുകൾ വകയിരുത്തേണ്ടതുണ്ട്.

ആശ്രയ പോലുള്ള പദ്ധതികളുടെ പ്രവർത്തനം പഞ്ചായത്തിൽ ശുഷ്കമാണ്. ആശ്രയ പദ്ധതി വഴി ഇപ്പോൾ ഭക്ഷണവിതരണം മാത്രമാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നു നടപ്പിലാക്കുന്നത്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യം നിറവേറ്റാതെ അതിലും ഉയർന്ന ശേഷിയുള്ള മറ്റു വിഭാഗങ്ങൾക്ക് ധനസഹായം നൽകുന്ന പ്രവണത ശരിയായ നടപടിയല്ല പദ്ധതി രൂപീകരണത്തിൽ പഞ്ചായത്ത് ഭരണസമിതിയും ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയും പ്രത്യേക പരിഗണന ഈ വിഭാഗക്കാരോട് കാണിക്കേണ്ടയിരിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/02/16 മുതൽ 15/02/16 വരെ | 01/11/15മുതൽ 31/01/16 | 06/04/16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/03/15 മുതൽ 22/04/15 വരെ | 2010-11 മുതൽ 2014-15 വരെ | 23/06/15 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഫീ വിറ്റുവരവിനു ആനുപാതികമായി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996, (പട്ടിക 2) അനുശാസിക്കും പ്രകാരം ഡി& ഒ ലൈസൻസ് ഫീ വിറ്റുവരവിനു ആനുപാതികമായി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കടയുടമയുടെ പേര്/സ്ഥാപനം | ഡി & ഒ അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റു വരവായി അപേക്ഷകൻ രേഖപ്പെടുത്തിയിരിക്കുന്ന തുക | വിറ്റുവരവിനു ആനുപാതികമായി ഈടാക്കേണ്ട ഡി & ഒ ലൈസൻസ് ഫീ | ഈടാക്കിയ ഫീസ് | നഷ്ടം | രസീതു നം., തീയതി |
|---|---|---|---|---|---|
| മാനേജർ സപ്ളൈകോ സൂപ്പർ മാർക്കറ്റ് വെള്ളനാട് | 750000 | 2000 | 500 | 1500 | 11501101504/ 18.08.2015 |
| നാഗലതാകുമരി മാനേജിംഗ് ഡയറക്ടർ നെയ്യാറ്റിൻകര മാർക്കറ്റിംഗ് | 25000 | 500 | 200 | 300 | 11501101025/ 19.06.2015 |

| | | | | | |
|---|---|---|---|---|---|
| കോ-ഓപ്പറേറ്റീവ് സൊസൈറ്റി | | | | | |
| ആകെ | | | | 1800 | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 28 ന ലഭ്യമാക്കിയ മറുപടിയിൽ ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്ന 1800/- രൂപ മേൽ പ്രസ്താവിച്ച വ്യക്തികളിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കുറവുള്ളതായി കാണുന്ന 1800/-രൂപ വ്യക്തികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2015-16 സാമ്പത്തിക വർഷത്തെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യക്തികൾ വരുമാനത്തിന ആനുപാതികമായി തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പേര്/ ഉദ്യോഗപ്പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് | രസീതു നം & തീയതി |
|---|---|---|---|---|---|---|
| 1)കെഎസ്ആർ.ടി.സി | എസ്. ഗോപകുമാർ കണ്ടക്ടർ | 1,23630+ 3500 ബോണസ് (2015-16 1-ാം അർദ്ധ വർഷം) | 1250 | 1000 | 250 | 11501101610/ 31.08.2015 |
| 2)ഗവ.വ.എച്ച.എസ്.എസ് വെള്ളനാട് | മഞ്ജു.പി.ബി എൽ.ഡി.ക്ലർക്ക് | 1,10,268 (2015-16 1-ാം അർദ്ധ വർഷം) | 1000 | 750 | 250 | 11501101507/ 18.08.2015 |
| 3) പോസ്റ്റ് ഓഫീസ്, മുണ്ടേല | ശിവപ്രസാദ്.എം GDS,MC | 60378 (2015-16) 2-ാം അർദ്ധ വർഷം | 600 | 450 | 150 | 11501103942/ 27/02/2016 |

| | | | | | | |
|---|---|---|---|---|---|---|
| 4) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | വിഷ്ണു. എം DCCP | 94980 (2015-16) 2-ാം അർദ്ധ വർഷം | 750 | 600 | 150 | 11501500026/ 11.03.2016 |
| ആകെ | | | | | 800/- | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 22(1) ന ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കിയതിൽ 800/-രൂപ കുറവുള്ളതായി കാണുന്നു. പ്രസ്തുത തുക വ്യക്തികളിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 2-3 സ്വകാര്യ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ., ചട്ടം 3(2) മുതൽ 3(11) വരെയുള്ള ചട്ടങ്ങൾഅനുശാസിക്കും പ്രകാരമുള്ള തൊഴിൽ നികുതി സ്വകാര്യ ഡോക്ടർമാരിൽ നിന്നും ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പേര് | അർദ്ധ വർഷം | ഈടാ ക്കേണ്ടത് | ഈടാ ക്കിയത് | രസീതു നം/ തീയതി |
|---|---|---|---|---|---|
| ഷിബു ക്ലിനിക് | ഡോ.വി.പുരുഷോത്തമൻ നായർ | 2015-16 ഒന്നാം അർദ്ധ വർഷം | 1250 | 120 | 11501102728 4.12.2015 |
| പ്രഷ്യസ് 32-ഡെൻറൽ ക്ലിനിക് | ഡോ. അംബിക | ടി | 1250 | 450 | 115011000956.04.2015 |
| കോസ്മോ ഡെൻറൽ ക്ലിനിക് | ഡോ.അഞ്ജന. എസ് | 2015-16 1 & 2 അർദ്ധവർഷങ്ങൾ | 2500 | 900 | 1150110486431.03.2016 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 22(1) ന ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുള്ളതായി കാണുന്ന സ്വകാര്യ ഡോക്ടർമാരിൽ നിന്ന് ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 2-4 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

നികുതി ഡിമാൻറ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി അടച്ചിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം 2015-16 | ഈടാക്കേണ്ട നികുതി |
|---|---|---|
| എ.ജി കോളേജ് , വെള്ളനാട് | 2 | 1250 |
| അമ്പാടി ഡയറി പ്രോഡക്ട്സ് | 1 | 1250 |
| വെള്ളനാട് ബ്ലോക്ക് അഗ്രികൾച്ചറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി | 2 | 1250 |
| നളന്ദ കോളേജ് ,വെള്ളനാട് | 1 &2 | 2500 |
| മുത്തൂറ്റ് മൈക്രോ ഫിൻ | 1 | 1250 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 22(1) ന ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 2-5 തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

വെള്ളനാട് റൂറൽ ഹൗസിംഗ് സൊസൈറ്റി, സരസ്വതി വിദ്യാലയ, ടെൻറ് റബേഴ്സ്, നെട്ടിറച്ചിറ, സ്റ്റാർ കാഷ്യൂ ഫാക്ടറി, മുണ്ടേല എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ, സെക്രട്ടറി ഡിമാൻറ് നോട്ടീസ് നൽകിയെങ്കിലും, 2015-16 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 22(1) ന ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 2-6 ഷോപ്പിംഗ് കോംപ്ലക്സ് വാടക വർഷങ്ങളായി ഒടുക്കുന്നില്ല.

പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് റൂം. നം. 21 വാടകയ്ക്ക് എടുത്തിട്ടുള്ളത് .കെ.യശോധര, സുരേഷ് ഭവൻ, പള്ളിത്തറ എന്ന വ്യക്തിയാണ്. ടിയാൾ അവസാനമായി വാടക അടച്ചിട്ടുള്ളത് 2013 മെയ് മാസത്തിലാണ്. 2013-14 വർഷത്തെ അവശേഷിക്കുന്ന 10 മാസത്തേയ്ക്ക് പ്രതിമാസം 1448/- രൂപ നിരക്കിൽ 14480/- രൂപ കുടിശ്ശികയുണ്ട്. 2014-15 വർഷത്തിൽ പ്രതിമാസം 1521/- രൂപ നിരക്കിൽ ആകെ 18252/- രൂപയും 2015-16 വർഷത്തിൽ പ്രതിമാസം 1597/- രൂപ നിരക്കിൽ ആകെ 19164/- രൂപയും കുടിശ്ശികയുണ്ട്. ഓഡിറ്റ് എൻക്വയറി നം. 23 ന് നൽകിയ മറുപടിയിൽ വാടക ഈടാക്കുന്നത് സംബന്ധിച്ച് നെടുമങ്ങാട് മുൻസിഫ് കോടതിയിൽ ഒ.എസ്.387/2015 നം. കേസ് നിലവിലുള്ളതായി പഞ്ചായത്ത് അറിയിച്ചിരിക്കുന്നു. ടി കേസിന്റെ തീർപ്പിനു വിധേയമായി വാടക കുടിശ്ശിക 12% പിഴപ്പലിശ സഹിതം വാടകക്കാരിയുടെ സെക്യൂരിറ്റി തുക (50000രൂപ) യിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ കർഷകർക്ക് കാലിത്തൊഴുത്ത് നിർമ്മാണത്തിനു ധനസഹായം എന്ന പദ്ധതിയിൽ കാലികളില്ലാത്തവർക്കും ധനസഹായം നൽകിയിരിക്കുന്നു.കാലികളില്ലാത്തവർക്ക് കാലിത്തൊഴുത്ത് നിർമ്മാണത്തിനു ധനസഹായം നൽകുന്നത് വഴി പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായും കൈവരിക്കുവാൻ സാധിക്കുകയില്ല. കാർഷിക വൃത്തിയിൽ തൽപരായ യഥാർത്ഥ കർഷകർക്ക് ധനസഹായം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പണം ചെലവാക്കുവാൻ വേണ്ടി മാത്രം പദ്ധതികൾ നടപ്പിലാക്കാതെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കുമ്പോൾ എല്ലാ വിവരവും ഉൾപ്പെടുത്തിയവ സ്വീകരിക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം നൽകിയിരിക്കുന്നു-10000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം 202/16 കാലിത്തൊഴുത്ത് നിർമ്മാണം(എസ്.സി.പി)
വികസന ഫണ്ട് 181810/- രൂപ
ഗുണഭോക്തൃ വിഹിതം 198190/- രൂപ
അടങ്കൽ 380000/- രൂപ
ചെലവ് 102000/-രൂപ
ബിൽ നം VGP 07/15-16
തീയതി 27/01/16

ഒരു ഗുണഭോക്താവിനു 10000/- രൂപ നിരക്കിൽ 10 പേർക്ക് കാലിത്തൊഴുത്ത് നിർമ്മാണത്തിനു ധനസഹായം നൽകിയ പദ്ധതിയിൽ ശാരദ.പി.കുന്നത്തു കോണത്തു കിഴക്കുംക്കര പുത്തൻവീട് (കോട്ടവിള വാർഡ്) എന്ന വ്യക്തി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 21 ന മറുപടി ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക നിരാകരിക്കുന്നു.

## 3-3 ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല -10400/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 203/16 കാലിത്തൊഴുത്ത് നിർമ്മാണം(റ്റി.എസ്.പി)
വികസന ഫണ്ട് 84000/- രൂപ
ഗുണഭോക്തൃ വിഹിതം 84000/- രൂപ
അടങ്കൽ 168600/- രൂപ
ചെലവ് 42400/-രൂപ
ബിൽ നം VGP 08/15-16 , VGP 09/15-16
തീയതി 27/01/16 (11,200/-) 11/03/16 ( 31,200/-)

പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കൾക്ക് കാലിത്തൊഴുത്ത് നിർമ്മാണത്തിനു ധനസഹായം നൽകുന്ന പദ്ധതിയിൽ ശ്രീമതി രംഭ, രജിത് ഭവൻ,ഉറിയാക്കോട് എന്ന വ്യക്തി പട്ടിക ജാതി/വർഗ്ഗ വകുപ്പ് അധികാരി നൽകിയ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 21 ന് മറുപടി ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു.

## 3-4 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല -15,61,645/-രൂപ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ പ്രോജക്റ്റോ ചെലവ് രേഖകളോ ഹാജരാക്കിയില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്നം | പദ്ധതിയുടെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം<br>തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 51/16 | കോളനികളിലേക്ക് തെരുവ് വിളക്ക് സ്ഥാപിക്കൽ | എസ്.സി.പി | 300000/- | 277837/- | 9/2015-16 15/01/16 |
| 2 | 171/16 | ഭവനപുനരുദ്ധാരാണം | എസ്.സി.പി | 50000/- | 50000/- | 1/2015-16 27/07/15 |
| 3 | 172/16 | കിണർ നിർമ്മാണം | എസ്.സി.പി | 68000/- | 68000/- | 2/15-16, 5/2015-16 27/15-16 |
| 4 | 179/16 | എസ്.സി കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | എസ്.സി.പി | 121748 | 121748 | 30/15-16 31/03/16 |
| 5 | 121/16 | കോട്ടവിള എസ്.റ്റി.കോളനി പൈപ്പ് ലൈൻ നീട്ടൽ | റ്റി.എസ്.പി | 100000/- | 100000/- | 32/15-16 31/03/16 |
| 6 | 208/16 | പട്ടിക ജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | എസ്.സി.പി | 694310 | 694310 | 29/15-16 31/03/16 |
| 7 | 209/16 | പട്ടികവർഗ്ഗ കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | റ്റി.എസ്.പി | 249750/- | 249750/- | 31/15-16 31/03/16 |
| | | | ആകെ 15,61,645/- | | | |

മേൽ പദ്ധതികളുടെ പ്രോജക്ടോ ചെലവു രേഖകളോ ഹാജരാക്കാത്ത സാഹചര്യത്തിൽ 1561645/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പെരിഞ്ഞാറമൂല ട്രൈബൽ സ്കൂളിനു വാഹനം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

പ്രോജക്ട് നം. 168/15 ൽ ഉൾപ്പെടുത്തി പെരിഞ്ഞാറമൂല സ്കൂളിന് വാഹനം വാങ്ങാൻ 650000/- രൂപ പഞ്ചായത്ത് ഫണ്ടും 150000/- രൂപ സംഭാവനയും ഉൾപ്പെടെ 800000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഡി ഡി നമ്പറുകൾ 522219/ 19.9.2015 പ്രകാരം 136584/- രൂപ, ഡി ഡി നം. 522209/19.9.2015 5 ലക്ഷം രൂപ, ഡി ഡി. നം.124388/19.9.2015 പ്രകാരം 150000/- രൂപ എന്നിങ്ങനെ ആകെ 786584/- രൂപ Popular Mega Motors (INDIA) Ltd. ന് നൽകി 23.9.2015 ന് വാഹനം വാങ്ങിയിട്ടുണ്ട്. വണ്ടി രജിസ്ട്രേഷൻ ചെയ്തിരിക്കുന്നത് ഹെഡ്മാസ്റ്ററുടെ പേരിലാണ്. സ്കൂൾ പി.റ്റി.എ. കമ്മിറ്റിയാണ് ഡ്രൈവറെ നിയമിച്ചിട്ടുള്ളതെന്ന് ഓഡിറ്റ്

എൻക്വയറി നം.22 നള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 636584/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതിനാൽ ടി വാഹനം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ വാഹനം ജി.ഒ.(എം.എസ്.)170/07/ത.സ്വ.ഭ.വ.30.6.2007ൽ നിഷ്കർഷിച്ചിട്ടുള്ള വിധം പരിപാലിച്ച് കൊള്ളാമെന്നും, പഞ്ചായത്തിന്റെ അറിവോടെയല്ലാതെ കൈമാറ്റം ചെയ്യുകയില്ല എന്നും ഒരു എഗ്രിമെന്റിൽ വാഹനത്തിന്റെ കസ്റ്റോഡിയനായ ഹെഡ്മാസ്റ്ററും സെക്രട്ടറിയും തമ്മിൽ ഏർപ്പെടേണ്ടതാണ്. വാഹനത്തിന്റെ മേൽ പഞ്ചായത്തിന് ദീർഘകാലാടിസ്ഥാനത്തിൽ നാമമാത്ര നിയന്ത്രണം നിലനിർത്താൻ ഈ രീതിയിൽ കരാറിലേർപ്പെടേണ്ടത് അനിവാര്യമാണ്.

## 3-6 വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 94000/- തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിന്റെ Expenditure Reportപ്രകാരം വി.ഇ.ഒ. /എൽ.വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി 10 പ്രോജക്ടുകളാണ് നടപ്പാക്കാൻ അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ആകെ 4 പ്രോജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. പ്രോജക്ട് നം. 165 എം. എൻ. ലക്ഷം വീട് മെയിന്റനൻസ് പദ്ധതിയ്ക്ക് പത്ത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. Expenditure Report പ്രകാരം 940000/- രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 31 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് സമയം കഴിയുന്നതു വരെ പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ ടി പ്രോജക്ടിനു ചെലവു വന്ന 940000/- രൂപ തടസ്സം ചെയ്യുന്നു.

## 3-7 പഞ്ചായത്ത് വാഹനം - ജപ്തി നടപടി - ഭരണസമിതിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച

വെള്ളനാട് പഞ്ചായത്തിനെ എതിർകക്ഷിയാക്കി ശ്രീമതി ത്രേസ്യ എന്ന വ്യക്തി നെടുമങ്ങാട് മുൻസിഫ് കോടതിയിൽ ഒ.എസ്.311/08-ാം നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ശ്രീമതി ത്രേസ്യയ്ക്ക് അനുകൂലമായി 28.10.2009ൽ വിധിയുണ്ടായി. തുടർന്ന് പ്രസ്തുത വിധി പ്രകാരം വാദി ഭാഗത്തിന് അനുവദിച്ച 1,66,643/- രൂപ ഈടാക്കാൻ ടിയാൾ സമർപ്പിച്ച എക്സിക്യൂഷൻ പെറ്റീഷൻ നം. 48/10ൽ 28.10.2009ൽ പഞ്ചായത്ത് വക ജീപ്പ് ജപ്തി ചെയ്യാൻ 28.10.2009ൽ വിധിയായത് Ex-partee ആയാണ്. പഞ്ചായത്തിനു വേണ്ടി ആരും കോടതിയിൽ ഹാജരാകാഞ്ഞതിനാലാണ് Ex-partee വിധിയുണ്ടായത്. കേസിലെ വിധി സംബന്ധിച്ച് പഞ്ചായത്തിന്റെ കേസ് നടത്തിയ അഡ്വ. ഹരികുമാറിന്റെ ഓഫീസിൽ നിന്ന് പഞ്ചായത്തിന് നൽകിയ കത്ത് ഫയലിലുണ്ട്. എന്നിട്ടും ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ പതിഞ്ഞില്ല. എക്സിക്യൂഷൻ പെറ്റീഷനിലെ വിധി നടപ്പാക്കാനായി പഞ്ചായത്ത് വക KL-21-D7552 നം. ജീപ്പ് ജപ്തി ചെയ്തതിനെ തുടർന്ന് പഞ്ചായത്ത് കമ്മിറ്റി 29.4.2015ലെ 5(1) നം. തീരുമാനം പ്രകാരം നെടുമങ്ങാട് മുൻസിഫ് കോടതിയിൽ 50000/- രൂപ ഒടുക്കി (ഡിഡി നം. 619081/1.7.2015) ജപ്തി നടപടി ഒഴിവാക്കുകയും ഹൈക്കോടതിയിൽ ഒ.പി.(സി.)നം.1077/2015-ാം നമ്പരായി മുൻസിഫ് കോടതിയുടെ വിധിയ്ക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തിരിക്കുന്നു. 13.3.2015 5(1) തീരുമാനം പ്രകാരം ടി 50000/- രൂപയുടെ ചെലവിന് സാധൂകരണം ആവശ്യപ്പെട്ട് ഗവൺമെന്റിലേയ്ക്ക് കത്തെഴുതിയിട്ടുണ്ട്. 28.10.2009ൽ വിധി വന്ന കേസിന്മേൽ ഭരണസമിതിയുടെ ശ്രദ്ധ പതിഞ്ഞത് 29.4.2015ൽ മാത്രമാണ് എന്നത് പരിതാപകരമായ വസ്തുതയാണ്. പഞ്ചായത്തിൽ സ്യൂട്ട് രജിസ്റ്റർ പരിപാലിക്കാൻ തുടങ്ങിയിട്ടുള്ളത് 2009 മുതൽ മാത്രമാണ്. 2008ൽ ഫയൽ ചെയ്യപ്പെട്ടതിനാൽ ഈ കേസിന്റെ കാര്യം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 3-8 വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോജക്ടിൽ അപാകം

കൃഷി ഓഫീസിൽ നിർവഹണ ഉദ്യോഗസ്ഥയായ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി എന്ന പ്രോജക്ടിന്റെ അടങ്കൽ (പ്രോജക്ട് നം.15) 31000/- രൂപ ഗുണഭോക്തൃ വിഹിതം ഉൾപ്പടെ 131000/-രൂപയാണ്. 72000/- രൂപയാണ് (ഡിഡി നം.772638/19.3.2016) 2015-16 ൽ ടി പ്രോജക്ടിൽ ചെലവ് വന്നിട്ടുള്ളത്. 100/- രൂപ വിലയുള്ള പച്ചക്കറി വിത്തിന്റെ പാക്കറ്റിനോടൊപ്പം 2000/- രൂപ വിലയുള്ള 80/- കിഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്ത കിറ്റ് വിതരണം ചെയ്തിട്ടുള്ളത്, 10 സെന്റ് ഭൂമിയുള്ള കർഷകർക്കാണ്. ആകെ 45 ഗുണഭോക്താക്കൾക്കാണ് കിറ്റ് വിതരണം ചെയ്തിട്ടുള്ളത്. വിത്തിന്റെ വിലയായ 100/- രൂപയും വളത്തിന്റെ വിലയിൽ 1500/- രൂപയും സബ്സിഡി നൽകിയിരിക്കുന്നു.

കൃഷി ഓഫീസർ തന്നെ നിർവഹിച്ച വാഴകൃഷി വികസനം പദ്ധതിയിൽ 25 സെന്റ് ഭൂമിയുള്ള കർഷകർക്ക്

750/- രൂപ വിലയുള്ള 50 വാഴക്കന്നിനോടൊപ്പം 37.5 കി.ഗ്രാം വേപ്പിൻ പിണ്ണാക്കാണ് നൽകിയിട്ടുള്ളത്. 10 സെന്റ് ഭൂമിയിൽ കൃഷി ചെയ്യാൻ ഒരു പാക്കറ്റ് വിത്തിനോടൊപ്പം 80 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്തപ്പോൾ 25 സെന്റിൽ 50 വാഴക്കന്ന് കൃഷി ചെയ്യാൻ നൽകിയിട്ടുള്ളത് 37.5 കി.ഗ്രാം വേപ്പിൻ പിണ്ണാക്കാണ്. രണ്ടു പ്രോജക്ടിലും ഉദ്ദേശിച്ചിട്ടുള്ള കൃഷിയുടെ വൈപുല്യവും വിതരണം ചെയ്ത വളത്തിന്റെ അളവും പരിഗണിക്കുമ്പോൾ കണ്ട പ്രകടമായ വൈരുദ്ധ്യം വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം. 24) പാക്കേജ് ഓഫ് പ്രാക്ടീസ് അനുസരിച്ചാണ് രണ്ടു പദ്ധതിയിലും വേപ്പിൻ പിണ്ണാക്കിന്റെ അളവ് നിശ്ചയിച്ചത്, എന്ന് മറുപടി നൽകിയിരിക്കുന്നു. എന്നാൽ പ്രസ്തുത ഗ്രന്ഥത്തിൽ പച്ചക്കറി കൃഷിയ്ക്ക് 50 ടൺ Farm Yard Manure(FYM) അഥവാ പച്ചില വളം നൽകാം എന്നാണ് പറഞ്ഞിട്ടുള്ളത്. അതും ചീര ഒഴികെയുള്ള വിളകൾക്ക് ഹെക്ടറിന് 20-25 ടൺ മതിയാകുന്നതാണ്. Package of Practices എന്ന ഗ്രന്ഥത്തിന്റെ പേജ് നം. 264ലെ Appendix *I* പ്രകാരം Farm Yard Manureന്റെ Nutrient Content ൽ $N\text{-}P_2O_5\text{-}K_2O$ എന്നിവ 1-0.5-1 എന്നാണ്. എന്നാൽ വേപ്പിൻ' പിണ്ണാക്കിന്റേത് 5-1-1.5 എന്ന അനുപാതമാണ്. അതായത് വേപ്പിൻ പിണ്ണാക്കിന് Nutrient content FYM നെ അപേക്ഷിച്ച് വളരെ കൂടുതലാണ്.

അതിനാൽ 1 ഹെക്ടറിന് ആവശ്യമായ FYM ന്റെ അളവിന് ആനുപാതികമായി 10 സെന്റ സ്ഥലത്ത് ഒരു പാക്കറ്റ് പച്ചക്കറി വിത്തുകൾക്ക് 80 കി.ഗ്രാം .വേപ്പിൻ പിണ്ണാക്ക് നൽകി എന്ന വിശദീകരണം അംഗീകരിക്കാൻ കഴിയില്ല. കൂടാതെ പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

## 3-9 യൂത്ത് ക്ലബ് രൂപീകരണം - പദ്ധതി പൂർണ്ണ പരാജയം

പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. എസ്. ഒ.146/15 നമ്പരായി യൂത്ത് ക്ലബ് രൂപീകരണം എന്ന പദ്ധതിയ്ക്ക് 2 ലക്ഷം രൂപ വകയിരുത്തി 180000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ 18- വാർഡുകളിലെ 18 മുതൽ 22 വരെ പ്രായപരിധിയിലുള്ള യുവാക്കളെ ഉൾപ്പെടുത്തി 100 യൂത്ത് ക്ലബ് രൂപീകരിക്കുക വഴി അവരുടെ കായികശേഷി വർദ്ധിപ്പിക്കുക എന്നതാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലേയ്ക്കായി 100 ക്ലബുകൾക്ക് വേണ്ട വിവിധ രജിസ്റ്ററുകളും ഫോമുകളും അച്ചടിച്ച് വിതരണം ചെയ്തിരിക്കുന്നു. ക്ലബ് ഒന്നിന് 1800/- രൂപ നിരക്കിൽ 180000/- രൂപ കൈരളി പ്രിന്റേഴ്സിന നൽകിയിരിക്കുന്നു. ചെക്ക് നം. 4254076/ 31.3.2016) ടി പ്രോജക്ട് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിന്റെ 18 വാർഡുകളിൽ നേരത്തേ തന്നെ യൂത്ത് ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്. 2014-15 വർഷം 18 വാർഡുകളിലെ 18 ക്ലബുകൾക്ക് എസ്. ഒ.45/15 നം. പ്രോജക്ട് പ്രകാരം സ്പോർട്സ് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അതു കൂടാതെ ഇപ്പോൾ 100 ക്ലബുകൾ കൂടി രൂപീകരിക്കാനുള്ള ആവശ്യകത വ്യക്തമാകുന്നില്ല.

2) പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച മാതൃകാ ബൈലോ ഖണ്ഡിക 4 ഉപഖണ്ഡിക - 23ൽ ക്ലബുകളുടെ വാർഡുതല ഓഫീസ് ഗ്രാമകേന്ദ്രം ആയിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിമിതമായ സ്ഥലസൗകര്യം മാത്രമുള്ള ഗ്രാമകേന്ദ്രങ്ങളിൽ ഓരോ വാർഡിലും 5-6 ക്ലബുകൾ പ്രവർത്തിക്കുന്നത് പ്രായോഗികമല്ല.

3) ബൈലോയിൽ ക്ലബുകളുടെ അംഗ സംഖ്യയ്ക്ക് പരിധി നിർണ്ണയിച്ചിട്ടില്ല. അതിനാൽ ഒരു വാർഡിലെ 18-22 വയസ്സിലുള്ള യുവാക്കളുടെ എണ്ണം നിജപ്പെടുത്താത്ത സാഹചര്യത്തിൽ 5 ൽ കൂടുതൽ ക്ലബുകൾ രൂപീകരിക്കുന്നതിന്റെ ആവശ്യകത വ്യക്തമാകുന്നില്ല.

4) ഓഡിറ്റ് എൻക്വയറി നം. 19 പ്രകാരം ഈ പദ്ധതി പ്രകാരം രൂപീകരിച്ച ക്ലബുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഒരു സർട്ടിഫിക്കറ്റ് പോലും ഹാജരാക്കിയിട്ടില്ല.

5) അച്ചടിച്ച കിറ്റുകൾ അതതു വാർഡ് മെമ്പർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും 100 ക്ലബുകൾ രൂപീകരിച്ചതു സംബന്ധിച്ച യാതൊരു രേഖയും ലഭ്യമല്ലാത്ത സാഹചര്യത്തിൽ 180000/- രൂപയുടെ ചെലവ് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-10 എ.എഫ്.എസ് പരിശോധിച്ചതിൽ കാണുന്ന അപാകതകൾ

2015-16 വർഷത്തെ എ.എഫ്.എസ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

മുന്നിരിപ്പിലുള്ള വ്യത്യാസം

SFC Statement പ്രകാരം 'cash at Bank' മുന്നിരിപ്പ് -3883525/- എ.എഫ്.എസ് പ്രകാരം 15182816/-

വരവിനത്തിലുള്ള വ്യത്യാസം

| ഫണ്ട് | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | എ.എഫ്.എസ് പ്രകാരം | എസ്.എഫ്.സി സ്റ്റേറ്റ്മെന്റ് പ്രകാരം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| General Purpose Grant | 8812580 | 7392080 | 7392080 | |

നീക്കിയിരിപ്പിലുള്ള വ്യത്യാസം

1. SFC Statement പ്രകാരം 'cash at Bank' നീക്കിയിരിപ്പ്-1817002/- എ.എഫ്.എസ് പ്രകാരം 2375303/-
2. തനത് ഫണ്ട് (SBT Own) നീക്കിയിരിപ്പ് ബാങ്ക് ബുക്ക്/എ.എഫ്.എസ് പ്രകാരം 2350108/-, പാസ്സ്ബുക്ക് പ്രകാരം -860838/- ആയത് Reconciliation നടത്തിയിട്ടില്ല.
3. Treasury TSB എ.എഫ്.എസ് പ്രകാരം 7837189/- ആയത് Reconciliation നടത്തിയിട്ടില്ല.
4. SFC Statementലെ Statement of Deposit And Advances എന്നിവ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

## 3-11 തനത് ഫണ്ട് നീക്കിയിരിപ്പിൽ ബാങ്ക് പാസ്സ്ബുക്കിൽ 1489270/- രൂപയുടെ കുറവ്

തനത്ഫണ്ടിന്റെ നീക്കിയിരിപ്പ് ക്യാഷ്ബുക്കും, ബാങ്ക് പാസ്സ്ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ക്യാഷ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് 2350108/- രൂപയും പാസ്സ്ബുക്ക് (എസ്.ബി.റ്റി. അക്കൗണ്ട് നം. 67124405148) പ്രകാരം 860838/- രൂപയുമാണ്. അതായത് ബാങ്ക് പാസ്സ്ബുക്കിൽ 1489270/- രൂപയുടെ കുറവ് കാണുന്നു. ആയത് പൊരുത്തപ്പെടുത്തിയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തി, ആയത് പൊരുത്തപ്പെടുത്താനുള്ള അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഹൗസിംഗ് ബോർഡ് | 2015-16 | 940000 | എ.എൻ. ലക്ഷംവീട് മെയിന്റനൻസ് | 73000/- | 21000/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | പോസ്റ്റ്ഷിഫ്റ്റിംഗ് | | | 125415/- | |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | 1110808/- | |

ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് മുൻകൂർ തുക, ചെലവഴിക്കുവാൻ ബാക്കിയുള്ള തുക എന്നിവയുടെ വിവരം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | | 14604000 | 7227000 | 2920800 | | 4306200 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2005-06 | 3(12) | 9138 | | 11501103382 30.01.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1998-99 | 64 | 2002-03 | VII.1.1.3 (1) | സമഗ്ര പുരയിട കൃഷി സർക്കാർ പണം അനധി കൃതമായി കൈയ്യിൽ വച്ചു | റവന്യൂ റിക്കവറി നടപടി കൾക്കായി ജില്ലാ കളക്ടർക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66222701 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 55912776 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2600 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 43750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1666045 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1800 | | ശ്രീ.ഷാജി ബോൺസ്ലെ<br>സെക്രട്ടറി<br>റാണിനിവാസ്, ഉള്ളൂർക്കോണം, കളത്തൂർ,ഉച്ചക്കട പി.ഒ |
| 2-2 | 800 | | ശ്രീ.മോഹനൻ ചെട്ടിയാർ, സെക്രട്ടറി<br>ശ്രീസാകേതം,നെട്ടിറച്ചിറ, നെടുമങ്ങാട് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 10400 | ശ്രീലേഖ.പി.കെ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| 3-4 | 1561645 | ശ്രീമതി.ഹേമലത,അസി.സെക്രട്ടറി |
| 3-6 | 94000 | ശ്രീ.ശ്രീകുമാർ,വി.ഇ.ഒ |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജി ബോൺസ്ലെ സെക്രട്ടറി | റാണിനിവാസ്, ഉള്ളൂർക്കോണം, കുളത്തൂർ, ഉച്ചക്കട പി.ഒ | റാണിനിവാസ്, ഉള്ളൂർക്കോണം, കുളത്തൂർ, ഉച്ചക്കട പി.ഒ |
| ശ്രീ.മോഹനൻ ചെട്ടിയാർ സെക്രട്ടറി | ശ്രീസാകേതം, നെട്ടിറച്ചിറ നെടുമങ്ങാട് | ശ്രീസാകേതം, നെട്ടിറച്ചിറ നെടുമങ്ങാട് |
| ശ്രീലേഖ.പി.കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | റ്റി.സി 10/14-15 ശ്രീനന്ദനം സൂര്യനഗർ,പൗഡിക്കോണം പി.ഒ മണ്ണന്തല | റ്റി.സി 10/14-15 ശ്രീനന്ദനം സൂര്യനഗർ, പൗഡിക്കോണം പി.ഒ മണ്ണന്തല |
| ശ്രീമത.ഹേമലത, അസി.സെക്രട്ടറി | അറപ്പുരവിളാകത്ത് ശ്രീനിലയം,മൈലക്കര പി.ഒ | അറപ്പുരവിളാകത്ത് ശ്രീനിലയം, മൈലക്കര പി.ഒ |
| ശ്രീമതി സുനു. | പി.സി.5/2255-8 ശിവം, കടപ്പാത്തല നഗർ, കവടിയാർ (പി.ഒ.) | |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.6 സി/560/02,തിയതി.07/07/14 | 8 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/867/03തിയതി.07/07/14 | 8 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/1166/04തിയതി.07 /07/14 | 7 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ജി പി5/1549/05തിയതി.07 /07/14 | 12 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/1643/08തിയതി.07 /07/14 | 10 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി പി5/1644/08തിയതി.07 /07/14 | 13 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/128/10തിയതി.07/07/14 | 10 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/128/10തിയതി.07/07/14 | 10 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/2454/11 തിയതി.15/01/13 | 16 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/2455/11തിയതി.17 /11/12 | 15 | |
| 2010-11, 11-12 | നം.എൽ.എഫ്.റ്റി.ഡി ജി പി5/2439/13 തിയതി.30/01/14 | 25 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/365/14 തിയതി.06/08/15 | 18 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.5/1353/15 തീ.17/10/15 | 23 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.5/1341/16 തീ.29/7/16 | 15 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2015–16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2015–16ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1) കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവ ഹാജരാക്കിയിട്ടില്ല.
2) ഡി & ഒ , ലേലം, വാടക എന്നിവയുടെ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
3) ആസ്തികളുടെ മൂല്യം നിർണ്ണയിച്ചിട്ടില്ല.
4) തനത്ഫണ്ടിന്റെ നീക്കിയിരിപ്പിൽ ബാങ്ക്ബുക്കും, ബാങ്ക് പാസ്സ്ബുക്കും (എസ്.ബി.റ്റി. അക്കൗണ്ട് നം. 67124405148) തമ്മിൽ പൊരുത്തപ്പെടുന്നില്ല. പാസ്സ് ബുക്കിൽ 1489270/- രൂപയുടെ കുറവ് കാണുന്നു.
5) ജനറൽ പർപ്പസ് ഫണ്ട് AFS -ഉം ACR-ഉം തമ്മിൽ 1420500/- രൂപയുടെ വ്യത്യാസം കാണുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്